# ഓർമ്മകളും പ്രദേശചരിത്രനിർമ്മിതിയും

**ഡോ. കെ. പി. രാജേഷ്**
അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രവിഭാഗം,
എൻ.എസ്.എസ്. കോളജ് മഞ്ചേരി.

**പ്രബന്ധസംഗ്രഹം**

വ്യക്തിഗത ഓർമ്മകൾ സാമൂഹ്യ ഓർമ്മകളാണ്. വ്യക്തികൾ സമൂഹത്തേയും, സമൂഹം വ്യക്തികളേയും ഒരുപോലെ രൂപപ്പെടുത്തുന്നുണ്ട്. ഇന്നലെകളിലെ ജീവിതാനുഭവങ്ങളും, ഓർമ്മകളിലെ ഇന്നലെകളും, ഇന്നലെകളെക്കുറിച്ചുള്ള കേട്ടറിവുകളും രൂപപ്പെടുത്തുന്ന സമൂഹ്യാവബോധത്തിനകത്താണ് ഓരോ പ്രദേശവും നിലനില്ക്കുന്നത്. അതുകൊണ്ടുതന്നെ പ്രദേശചരിത്രപഠനത്തിന് ഓർമ്മകളെ ചരിത്രവല്ക്കരിക്കുന്നതു പരമപ്രധാനമാണ്. ഒരാളുടേയോ, ഒന്നിലധികമാളുകളുടേയോ ഓർമ്മകൾ പ്രദേശചരിത്രത്തിനു തെളിവായി ഉപയോഗിക്കാൻ കഴിയും. ഓർമ്മകളെ പ്രധാന ചരിത്രതെളിവായി പരിഗണിച്ച് ലഭ്യമായ മറ്റു സമകാലിക തെളിവുകളും, ഭൂതകാലത്തെ മറ്റു തെളിവുകളും ഉപോല്ബലകമായി ഉപയോഗിച്ച് ചരിത്രവിശകലനം നടത്താൻ കഴിഞ്ഞേക്കും. ഓർമ്മകളിൽ തെളിയുന്ന ജീവിതപരിസരങ്ങളെ ചരിത്രവല്ക്കരിക്കാനാണ് പ്രദേശചരിത്രകാരർ ശ്രമിക്കുക. അത്തരത്തിൽ കിഴക്കൻ പേരാമ്പ്രപ്രദേശത്ത് 1926-2018 കാലത്ത് ജീവിച്ചിരുന്ന തണ്ടോറമീത്തൽ കല്ല്യാണിയമ്മയുടെ ഓർമ്മകളെ പ്രധാന തെളിവായി പരിഗണിച്ച് മറ്റു തെളിവുകളേയും വിശകലനം ചെയ്ത് എങ്ങനെ കിഴക്കൻ പേരാമ്പ്രയെന്ന പ്രദേശത്തെ രൂപപ്പെടുത്തിയ കാർഷികചരിത്രത്തിന്റെ ഏടുകൾ മറിച്ചുനോക്കാമെന്നാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്.

**സൂത്രവാക്കുകൾ**

ഓർമ്മകൾ, പ്രദേശചരിത്രം, വാമൊഴിചരിത്രം, സമൂഹ്യ ഓർമ്മ, കിഴക്കൻ പേരാമ്പ്ര, വയൽകൃഷി, പറമ്പുകൃഷി, മലകൃഷി, അടുമാറി.

**ആമുഖം**

വ്യക്തിഗത ഓർമ്മകൾ പ്രദേശചരിത്രപഠനത്തിനുതകുന്ന പ്രധാന തെളിവുസമഗ്രിയാണ്. ജീവിതകാലത്ത് കണ്ടതും, കേട്ടതും, അനുഭവിച്ചതുമായ കാര്യങ്ങളാണ് മനുഷ്യരുടെ ഓർമ്മകളിൽ തെളിയുന്നത്. ഒരു വ്യക്തിയുടെ ഓർമ്മകളെന്നത് ആ വ്യക്തി ജീവിക്കുന്ന ചുറ്റുപാടുകളുടെ ഓർമ്മകളുടെ ഭാഗമാണ്. എല്ലാ ഓർമ്മകളും സാമൂഹ്യ ഓർമ്മകളാണ്. കുട്ടിക്കാലം മുതൽ വാർദ്ധക്യകാലം വരേയുള്ള ഓർമ്മകൾ ഒരാളുടെ ഓർമ്മയിൽ കൃത്യമായി ഉണ്ടാകണമെന്നില്ല. മിക്ക ഓർമ്മകളും തെരഞ്ഞെടുക്കപ്പെട്ട ഓർമ്മകളായിരിക്കും. അതുകൊണ്ടുതന്നെ ഒരേ പ്രദേശത്ത് ജീവിച്ചുപോരുന്ന വ്യകതികളുടെ ഓർമ്മകളിൽ വ്യത്യാസമുണ്ടാകും. ഓരോ വ്യക്തിയും ഇടപെടുന്ന തലങ്ങൾ, ചെയ്യുന്ന ജോലികൾ, ജാതി-മത പശ്ചാത്തലം, അധിവസിക്കുന്ന ഭൂപ്രകൃതി-ജൈവ പാരിസ്ഥിതിക ചുറ്റുപാടുകൾ, കാലാവസ്ഥ എന്നിങ്ങനെ പല കാര്യങ്ങൾ ഓർമ്മകളെ ചിട്ടപ്പെടുത്തുന്നതിൽ പങ്കുവഹിക്കുന്നുണ്ട്. ഓർമ്മകൾക്ക് ലിംഗവ്യത്യാസവുമുണ്ട്. സ്ത്രീകളുടെ ഓർമ്മകളിൽ വൈയക്തികാംശത്തിന്റെ ആധിക്യം കുറവായിരിക്കും. ഇവരുടെ ഓർമ്മകൾ ഗാർഹികവും -സമൂഹികവുമായ വ്യവഹാരതലങ്ങൾ കൂടുതലാവാം. 'ഞാൻ' എന്ന വ്യക്തിഗത അംശം സ്ത്രീകളുടെ ഓർമ്മകളിൽ കുറവായിരിക്കാം. ഒരാളുടെ ജീവിതപരിസരത്തുനിന്നുള്ളതും അയാൾക്ക് മുമ്പത്തെ തലമുറകളിൽ നിന്ന് കൈമാറിവന്നതുമായ ഓർമ്മകൾ ലഭിച്ചേക്കാം. അത്തരത്തിൽ ഏതാണ്ട് രണ്ടോ മൂന്നോ, അതിലേറെയോ തലമുറകളിലെ ഓർമ്മകൾ വീണ്ടെടുക്കാൻ ചരിത്രാന്വേഷകർക്ക് ഒരുപക്ഷേ കഴിഞ്ഞേക്കും.

മനുഷ്യവാസമുണ്ടായിരുന്നതോ ഇന്നും തുടരുന്നതോ ആയ എല്ലാ പ്രദേശങ്ങൾക്കും ചരിത്രമുണ്ട്. എന്നാൽ ആ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടാകണമെന്നില്ല. രേഖപ്പെടുത്താത്തതു കൊണ്ട് ചരിത്രമില്ലെന്ന് പറയാനും കഴിയില്ല. രേഖപ്പെടുത്താത്ത ചരിത്രങ്ങളെ വീണ്ടെടുക്കുന്നത് അവയെ അടയാളപ്പെടുത്തിയിരിക്കുന്ന തലങ്ങളെ തിരിച്ചറിഞ്ഞ് അവ രേഖപ്പെടുത്തുമ്പോഴാണ്. മനുഷ്യർ പിന്നിട്ട കാലത്തെ പ്രധാനമായും അടയാളപ്പെടുത്തുന്നത് ഓർമ്മകളിലാണ്. മനുഷ്യർ അനുഭവിച്ചറിഞ്ഞതും കേട്ടുകേൾ

വിയുള്ളതുമായ അറിവുകൾ വാമൊഴിയായി തലമുറകളിലേക്ക് കൈമാറ്റപ്പെടുന്നത് ഓർമ്മകളിലൂടെയാണ്. ഇന്നലകളെ എഴുതി രേഖപ്പെടുത്താൻ അക്ഷരജ്ഞാനമില്ലാത്തതോ, അങ്ങനെയൊരു രീതിയില്ലാതിരുന്നതോ ആയ സമൂഹത്തിന്റെ ചരിത്രമെന്നത് വാമൊഴിയായി തലമുറകളിലൂടെ കൈമാറിയ ഭൂതകാല അറിവുകളാണ്. അങ്ങനെയുള്ള സമൂഹങ്ങളുടെ ചരിത്രം വാമൊഴിചരിത്രമാണ്. മനുഷ്യർ ഉപജീവനത്തിനായും നിലനില്പിന്റെ ഭാഗമായും ഇടപെടുന്ന സകലമേഖലകളുമായി ബന്ധപ്പെട്ട അറിവുകളും അനുഭവങ്ങളും മറ്റും തലമുറകളായി കൈമാറിപ്പോരുമ്പോഴാണ് അത് ചരിത്രാവബോധമായി സമൂഹത്തെ മുന്നോട്ടു നയിക്കുന്നത്. മനുഷ്യർ അവർ ജീവിക്കുന്ന ഭൗമപരിതസ്ഥിതിക്കും അവിടത്തെ ആവാസവ്യവസ്ഥകൾക്കും അനുസരിച്ചാണ് അവരുടെ ഉപജീവന-അതിജീവന മാർഗ്ഗങ്ങളെ ചിട്ടപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ പിന്നിട്ട കാലത്തെ മനുഷ്യസമൂഹത്തിന്റെ രൂപീകരണ പ്രക്രിയയ്ക്ക് ഏകതാനത ഉണ്ടാവില്ല. വിഭവങ്ങളുടെ സാധ്യതകൾക്കനുസരിച്ച് മനുഷ്യർ അവരുടെ ഉപജീവനമാർഗ്ഗങ്ങളെ ക്രമീകരിച്ചിരുന്നു. പ്രാചീനകാലമനുഷ്യർ വേട്ടയാടിയും പിൽക്കാലജനത കൃഷി ചെയ്തും പിന്നീട് കച്ചവടത്തിലേക്കും മറ്റും മാറിയാണ് സമൂഹം വളർന്നതെന്ന ചരിത്രരചനയിലെ വാർപ്പുമാതൃകകൾ എല്ലാ പ്രദേശത്തേയും പറ്റി പഠിക്കുന്നതിന് സ്വീകരിക്കാൻ കഴിയണമെന്നില്ല. പ്രദേശത്തിന്റെ ഭൂപ്രകൃതി-ജൈവ പരിസ്ഥിതികൾക്കനുസരിച്ചാണ് അവിടെ ജീവിക്കുന്ന ജനതയുടെ ജീവിതക്രമം രൂപപ്പെടുന്നത്. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ചരിത്രാവബോധം അഥവാ സമൂഹിക അറിവാണ് ഏതൊരു പ്രദേശത്തിന്റേയും സമൂഹഘടനയെ ചിട്ടപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ പ്രദേശചരിത്രം വീണ്ടെടുക്കാൻ സഹായകരമാകുന്ന സുപ്രധാന തെളിവാണ് ഓർമ്മകൾ.

ഓർമ്മകളെ ചരിത്രകാരരുടെ തെളിവായി രൂപപ്പെടുത്തുകയാണ് ചരിത്രാന്വേഷകർ ചെയ്യുന്നത്. ചരിത്രാന്വേഷി കണ്ടെത്താത്ത ഓർമ്മകൾ സാമൂഹ്യാവബോധമായി അഥവാ ചരിത്രാവബോധമായി സമൂഹത്തിൽ അദൃശ്യമായി നിലനില്ക്കും. എന്നാൽ ചരിത്രാന്വേഷി ഓർമ്മകളെ വ്യഖ്യാനിച്ച് ഭൂതകാല അറിവായി രേഖപ്പെടുത്തുമ്പോൾ അത് ചരിത്രമായി സ്ഥിരപ്പെ

ടുത്തപ്പെട്ടുകയാണ്. ഓർമ്മകളെ ചരിത്രവല്ക്കരിച്ച് എങ്ങനെ ഒരു പ്രദേശത്തിന്റെ ഇന്നലെകളിലേക്ക് അറിവുപകരാം എന്നാണ് ഈ പ്രബന്ധം ചർച്ചചെയ്യുന്നത്. 1970-കൾ വരെ മലയിലും, പറമ്പിലും, വയലിലും കൃഷിചെയ്തും കാട്ടുകളിൽ നിന്ന് വിഭവശേഖരണവും മൃഗവേട്ടയും ഉല്പന്നങ്ങളുടെ കൊടുക്കൽ വാങ്ങലുകളും സജീവമായി നടന്നിരുന്ന സമൂഹ്യ ഓർമ്മകളുടെ ഒരംശം പേറി ജീവിച്ചിരുന്ന തണ്ടോറമീത്തൽ കല്ല്യാണിയമ്മയുടെ (കൂത്താളി പഞ്ചായത്ത്, കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല) ഓർമ്മകളിലൂന്നി കിഴക്കൻ പേരാമ്പ്ര എന്ന മലയോരഗ്രാമത്തിന്റെ ചരിത്രത്തിലേക്ക് ഒന്ന് വിരൽ ചൂണ്ടാനാണിവിടെ ശ്രമിക്കുന്നത്. കല്ല്യാണിയമ്മയുടെ ഓർമ്മകളെ അവർ ജീവിച്ചിരുന്ന പ്രദേശത്തുനിന്ന് ലഭ്യമായ, അവർക്ക് സമകാലികവും മുമ്പുണ്ടായിരുന്നതുമായ തെളിവുകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യാനാണ് ശ്രമിക്കുന്നത്. ഈ പ്രദേശത്ത് ജീവിച്ചിരുന്നതും ജീവിക്കുന്നതുമായ ഒന്നിൽ കൂടുതൽ ആളുകളുടെ (എടത്തിൽ കുഞ്ഞിക്കേളപ്പൻ നമ്പ്യാർ, മാണിക്കത്തുകണ്ടി ലക്ഷ്മിയമ്മ, ചെങ്കരക്കൽ കുഞ്ഞികൃഷ്ണൻ, തെയ്യത്താങ്കണ്ടി ശാന്ത തുടങ്ങി നിരവധി പ്രദേശത്തുകാർ) ഓർമ്മകളും, കൊളോണിയൽ സെറ്റിൽമെന്റ് റജിസ്റ്റർ, വടക്കൻ മലബാറിലെ ചില ലിഖിതങ്ങൾ, കല്ല്യാണിയമ്മയുടെ പ്രദേശത്തു നിന്നും കണ്ടെത്തിയ പുരാവസ്തുക്കൾ തുടങ്ങിയവയും അവലംബമാക്കി കിഴക്കൻ പേരാമ്പ്രദേശത്തിന്റെ പിന്നിട്ട കാലത്തേക്ക് ഒന്നു നോക്കാനാണ് ശ്രമിക്കുന്നത്. കല്ല്യാണിയമ്മയേയും അവരെപ്പോലുള്ള അറിയപ്പെടാത്തതും എന്നാൽ പ്രദേശരൂപീകരണചരിത്രത്തിൽ രേഖപ്പെടുത്തപ്പെടേണ്ടവരുമായ മറ്റ് ആളുകളേയും അടയാളപ്പെടുത്തുന്നതോടൊപ്പം പ്രദേശപഠനത്തിന് സ്വീകരിക്കാവുന്ന ഒരു രീതീശാസ്ത്രസമീപനത്തെ മുന്നോട്ടുവെയ്ക്കാനും ഈ ലേഖനം ശ്രമിക്കുന്നുണ്ട്.

### വ്യക്തിഗത ഓർമ്മകൾ സമൂഹ ഓർമ്മയാകുന്നു

കല്ല്യാണിയമ്മയുടെ ഓർമ്മകൾ അവർ ജീവിച്ചിരുന്ന കിഴക്കൻപേരാമ്പ്രയുടെ ഒരു നൂറ്റാണ്ടിലേറെ കാലത്തെ ചരിത്രം പേറുന്നുണ്ട്. ആരാണ് കല്ല്യാണിയമ്മ? സ്വാതന്ത്ര്യസമര സേനാനിയോ, കർഷകസമരങ്ങളിലോ, സ്ത്രീ മുന്നേറ്റ ചരിത്രങ്ങ

ളിലെ നായികയോ, സാഹിത്യ-ശാസ്ത്ര പ്രതിഭയോ അങ്ങനെ സമൂഹത്തിൽ 'കീർത്തികേട്ട' ഒരു അസാമാന്യ വ്യക്തിത്വമോ ആയിരുന്നില്ല കല്ല്യാണിയമ്മ. ഇങ്ങനെയുള്ളവർക്ക് മാത്രമേ ചരിത്രത്തിൽ ഇടം കിട്ടേണ്ടതുള്ളൂ എന്ന് കരുതുന്ന ഒരു അക്കാദമികസമൂഹം ഇന്നും വേരറ്റുപോകാതെ നിലനിൽക്കുന്നുണ്ടാകുമോ എന്ന സന്ദേഹത്തിലാണ് ഇങ്ങനെയൊരു ആമുഖം കല്ല്യാണിയമ്മക്ക് നല്കേണ്ടിവരുന്നത്. ഏതാണ്ട് ഒരു നൂറ്റാണ്ടുകാലം തണ്ടോറപ്പാറയെന്ന ഒരു കൊച്ചുഗ്രാമത്തിൽ ജീവിച്ച് തൊണ്ണൂറ്റിരണ്ടാമത്തെ വയസ്സിൽ മരണമടഞ്ഞ ഒരു കർഷകസ്ത്രീയായിരുന്നു കല്ല്യാണിയമ്മ (1926 -2018). തന്നെപ്പോലെ വയലിലും പറമ്പിലും, പാടത്തും മറ്റും പണിയെടുത്ത് ജീവിച്ചിരുന്ന അസംഖ്യം കർഷക തൊഴിലാളികളുടെ പ്രതിനിധി. ജന്മി കുടിയാൻ ബന്ധങ്ങൾ ശക്തമായി നിലനിന്നിരുന്ന കാലത്ത് കുറുമ്പ്രനാട് താലൂക്കിലെ പേരാമ്പ്രദേശത്ത് പയ്യോർമലയിൽപ്പെട്ട അവിഞ്ഞാട്ട് മൂപ്പിൽനായരുടെ ഉടമസ്ഥാവകാശത്തിൻ കീഴിലുള്ള ഭൂമിയിലെ കുടികിടപ്പുകാരായ എടത്തിൽ കേളുനമ്പ്യാരുടെയും കുഞ്ഞിമാധവിയമ്മയുടേയും മകളായിരുന്നു കല്ല്യാണിയമ്മ. ജനനം എന്നാണെന്ന് തീർച്ചയില്ല. അക്കാലത്ത് ജാതകമെഴുത്ത് കല്ല്യാണിയമ്മയുടെ കുടുംബത്തിൽ പ്രചാരത്തിലുണ്ടെങ്കിലും ഇന്നത് ലഭ്യവുമല്ല. മീനം 6-നാണത്രേ കല്ല്യാണിയമ്മ ജനിച്ചത്. ഏത് വർഷമെന്ന് നിശ്ചയമില്ല. വയസ്സ് ചോദിച്ചാൽ കല്ല്യാണിയമ്മ പറയുന്നത് ഇങ്ങനെയായിരുന്നു, അനുജത്തി ലക്ഷ്മിയേക്കാൾ 6 വയസിന് മൂത്തത്, അനുജൻ കുഞ്ഞിക്കേളപ്പൻ ലക്ഷ്മിയേക്കാൾ 7 വയസിന് ഇളയത്. ഈ കുഞ്ഞിക്കേളപ്പൻ സർക്കാർ സർവ്വീസിൽ നിന്ന് 1994 മെയ് മാസത്തിൽ 55-മത്തെ വയസിൽ റിട്ടയർ ചെയ്തു. അതായത് കുഞ്ഞിക്കേളപ്പന്റെ ജനനം 1939-മെയ് മാസം. അങ്ങനെയെങ്കിൽ കല്ല്യാണിയമ്മയും കുഞ്ഞിക്കേളപ്പനും തമ്മിൽ 13 വയസിന്റെ വ്യത്യാസം. അതായത് 1926- മീനം 6-ന് കല്ല്യാണിയമ്മ ജനിച്ചുവെന്ന് കണക്കാക്കാം. ഇങ്ങനെ പിന്നിട്ട സമൂഹം കാലത്തെ അടയാളപ്പെടുത്തുന്നത് പലതരത്തിലായിരുന്നു. സഹോദരങ്ങളെ, ഭൂപ്രമാണിമാരെ, നാട്ടു-ദേശവാഴികളെ, സംഭവങ്ങളെ, പ്രകൃതിക്ഷോഭത്തെ, എന്നിങ്ങനെ മനുഷ്യർക്ക് അനുഭവവേദ്യമായ കാര്യങ്ങളുമായി ബന്ധപ്പെടുത്തി

തങ്ങളുടെ ജീവിതത്തിൽ നടന്ന കാര്യങ്ങളെ അടയാളപ്പെടുത്തുന്നത്. കല്ല്യാണിയമ്മ തന്റെ മക്കളെ പ്രസവിച്ച കാലത്തെ അടയാളപ്പെടുത്തുന്നതിങ്ങനെയാണ് 'തണ്ടോറ ആയ്യാരെ (ഹാജ്യാർ) മൂന്നാമത്തെ കൊയിലിന്[1] തേങ്ങ പറിച്ച അന്നാണ് കുഞ്ഞിമാതേയീന പെറ്റത്'' തണ്ടോറ ഹാജ്യാരുടെ സ്ഥലത്തിന് മുകൾഭാഗത്ത് താമസിക്കുന്ന കല്ല്യാണിയമ്മയും ഭർത്താവ് കുഞ്ഞിക്കണ്ണൻ നായരും ഹാജ്യാരുടെ വയലിലെ പണിക്കാരാണ്. തങ്ങളുടെ ഉപജീവനം ഹാജ്യാരെ ആശ്രയിച്ചാകയാൽ അവിടത്തെ കാര്യങ്ങളുമായി ബന്ധപ്പെടുത്തി ജീവിതത്തെ അടയാളപ്പെടുത്തുന്നു. ഈ രീതി കേരളത്തിൽ പലയിടങ്ങളിലും മനുഷ്യസമൂഹം അവലംബിച്ചിരുന്ന കാലബോധങ്ങൾ ആയിരുന്നു. ഖിലാഫത്തിന്റന്നേക്ക് (1921) ഇത്ര കൊല്ലം, പുതുവൈപ്പിന്റന്നേക്ക് (1341) ഇത്ര, എന്നിങ്ങനെ പലതരത്തിൽ കാലത്തെ സമൂഹം അടയാളപ്പെടുത്തിയിരുന്നു. രണ്ടാം ചേരരാജാക്കന്മാരുടെ ലിഖിതങ്ങളിലിൽ ഭരണവർഷം പറയുന്ന രീതി കാണാം. സ്വസ്തി കൊത്താണു ഇരവിക്കുത്തൻ പല നൂറായിരത്താണ്ടുമ് മറുകതലൈച്ചിറന്തടിപ്പടുത്താളാനിന്റയാണ്ടുൾച്ചെല്ലാനിന്റയാണ്ടൈഞ്ചു (തരിസ്സാപ്പള്ളി ലിഖിതം സി. ഇ. 849, സ്വസ്തി രാജാവ് സ്ഥാണു രവി പല നൂറായിരം വർഷം ശത്രുക്കളെ എതിർത്തു കീഴ്പ്പെടുത്തി ഭരിക്കാനുള്ള വർഷങ്ങളിൽ പോയവർഷം അഞ്ച്), സ്വസ്തി ശ്രീ കോകോതൈ ഇരവിക്കുച്ചെല്ലാനിന്റയാണ്ട് പതിനൈഞ്ചു (ചോക്കൂർ ലിഖിതം സി. ഇ. 898. സ്വസ്തിശ്രീ രാജാവ് കോത രവിയുടെ ഭരണവർഷം പതിനഞ്ച്) എന്നിങ്ങനെ കാലം അടയാളപ്പെടുത്തിയിരിക്കുന്നു. ഇത്തരം കാലസങ്കല്പങ്ങളുടെ തുടർച്ചയാണ് കല്ല്യാണിയമ്മയുടെ ഓർമ്മകളിലെ കാലബോധവും. തണ്ടോറ ഹാജ്യാർ ആണ് കല്ല്യാണിയമ്മയുടെ നിത്യ ഉപജീവനം സാധ്യമാക്കിയിരുന്നത് എന്നതിനാൽ അവരുടെ ജീവിതക്രമം ഹാജ്യാരുടെ പറമ്പിലും വയലിലും നടന്ന കാർഷികപ്രക്രി

1. നാല്പതു ദിവസം കഴിയുമ്പോഴാണ് തേങ്ങ പറിക്കുക. ഓരോ നാല്പതു ദിവസങ്ങൾക്കു ഒരു "കൊയിൽ" എന്നാണ് വടക്കൻ മലബാറിൽ ചിലയിടങ്ങളിൽ പറഞ്ഞിരുന്നത്. ഇത്തരം പ്രയോഗങ്ങൾ പ്രാദേശികതലത്തിൽ അന്വേഷിക്കേണ്ടതുണ്ട്.

യകളുമായി ബന്ധപ്പെടുത്തിയണ് ആ സമൂഹം ഉൾക്കൊണ്ടത് എന്ന് ചുരുക്കം.

നമ്പിയാർ എന്ന സവർണ്ണജാതിയിലാണ് ജനനമെങ്കിലും ജീവിതപരിസരം അടിയാളർക്ക് ഒപ്പമായിരുന്നു. ഒരുമിച്ച് പണിക്കിറങ്ങിയ ഇവർക്ക് പാടത്ത് തൊട്ടുകൂടായ്മയില്ലെങ്കിലും ഭക്ഷണം രണ്ട് പന്തിയിലായിരുന്നു. വൈകീട്ട് പണികഴിഞ്ഞ് പുരയിൽ കയറും മുമ്പ് കുളിക്കുകയും വേണമായിരുന്നു. സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പുള്ള ജാതി-ഫ്യൂഡൽ സമൂഹ ശ്രേണി ബന്ധത്തെ ക്രമപ്പെടുത്തിയ ശുദ്ധാശുദ്ധ സങ്കല്പബോധത്തിനകത്തുതന്നെ കല്ല്യാണിയമ്മ തന്റെ ജീവിതത്തേയും നിലനിർത്തിയത് പണികഴിഞ്ഞു തോട്ടിലുള്ള കുളിയിലൂടെ ആയിരുന്നു എന്ന് കാണാം. എങ്കിലും ജാതീയതയുടെ മാറിവന്ന മാനങ്ങളെ ഉൾക്കൊള്ളാൻ കല്ല്യാണിയമ്മക്ക് കഴിഞ്ഞിരുന്നു. ജനാധിപത്യപൂർവ്വ സമൂഹത്തിലെ തൊടീലും തീണ്ടലും ഇന്നും കരുതിപ്പോരുന്ന പഴയതലമുറയിലെ ഒരു വേറിട്ട വ്യക്തിത്വമായിരുന്നു കല്ല്യാണിയമ്മ. പുരോഗമന ആശയങ്ങളെ സ്വീകരിച്ച് പ്രാകൃതമെന്ന് സമൂഹം കരുതുന്നവയെ തള്ളിക്കളയാനുള്ള നിലപാട് കല്ല്യാണിയമ്മക്ക് ഉണ്ടായിരുന്നു. അതുകൊണ്ടാണ് കല്ല്യാണിയമ്മ ജീവിച്ചിരുന്ന പ്രദേശത്തെ സമൂഹം ഇന്നും മനസുകൊണ്ട് ഇത്തിരിയെങ്കിലും അകലം കല്പിക്കുന്ന പുലയവിഭാഗക്കാർക്ക് പ്രിയപ്പെട്ട വല്ല്യമ്മയായതും, അവരുടെ മക്കൾക്ക് തൊട്ടുതലോടാനും മുത്തംവെയ്ക്കാനും കഴിഞ്ഞിരുന്ന മുത്തശ്ശിയായതും. ജാതിയാണോ അതല്ല ഒരാളുടെ ജീവിതപരിസരമാണോ മനുഷ്യനെ സവർണ്ണനും അവർണ്ണനമാക്കിയതെന്ന് കല്ല്യാണിയമ്മയുടെ ജീവിതം നമ്മോടു ചോദിക്കുന്നുണ്ട്. നമ്പിയാർ ആയതുകൊണ്ടുമാത്രം കല്ല്യാണിയമ്മ സവർണ്ണയാകുന്നില്ല. ഫ്യൂഡൽ കാലത്ത് ജാതീയമായ ഉയർന്ന പരിഗണന ലഭിച്ചിരുന്നെങ്കിലും ജീവിതപരിസരമെന്ന യാഥാർത്ഥ്യത്തിന് മുന്നിൽ അവർ അവർണ്ണർക്കൊപ്പമായിരുന്നു. അതുകൊണ്ടാണ് ഫ്യൂഡൽ കാലത്തിന് ശേഷം സവർണ്ണജീവിതപരിഗണനകൾ അവരെ വിട്ടുപോകുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് ജാതിയെ ഫ്യൂഡൽ ശ്രേണിയനുസരിച്ച് മേൽ-കീഴ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയതുകൊണ്ടല്ലേ അടിയാളജീവിതപരിസരത്തുനിന്നുള്ള കല്ല്യാണിയമ്മയും

സവർണ്ണജാതിയിലായത് എന്ന ചോദ്യവും കല്ല്യാണിയമ്മയുടെ ജീവിതം ഉന്നയിക്കുന്നുണ്ട്. മറ്റൊരർത്ഥത്തിൽ ബ്രിട്ടീഷുകാർ അങ്ങനെ ചെയ്തില്ലായിരുന്നെങ്കിലും ജാതി രേഖപ്പെടുത്തേണ്ട ആവശ്യം ഒരാളുടെ ജീവിതത്തിൽ ഉണ്ടായിരുന്നില്ലെങ്കിലും ഇന്നത്തെ സമൂഹം മറ്റൊന്നായേനെയെന്ന അനുമാനവും കല്ല്യാണിയമ്മയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. മാത്രമല്ല സാമ്പത്തികപരാധീനത കാരണം കല്ല്യാണിയമ്മക്കും അനുജത്തി ലക്ഷ്മിയമ്മക്കും ശേഷം ഒരു പെൺകുട്ടിക്ക് തെരണ്ടുകല്ല്യാണവും, താലികെട്ടുകല്ല്യാണവും നടത്താതെ ഫ്യൂഡൽ കാലത്തെ ആചാരം ലംഘിച്ച ഒരു കുടുംബപശ്ചാത്തലം കല്ല്യാണിയമ്മക്ക് ഉണ്ടായിരുന്നു. കേരളനവോത്ഥാനത്തെക്കുറിച്ച് കേട്ടു കേൾവിയില്ലാത്തവരായിരുന്ന കല്ല്യാണിയമ്മ എന്നതും ശ്രദ്ധേയമാണ്. ജനാധിപത്യ നിയമം മൂലം ഫ്യൂഡൽ സമൂഹം അവസാനിച്ചിട്ടും സമൂഹത്തിൽ ഇന്നും ആചരിച്ചുപോന്ന പല ഫ്യൂഡൽ ആചാരങ്ങളേയും കല്ല്യാണിയമ്മ തന്റെ ജീവിതപരിസരത്തു നിന്നും മാറ്റിനിർത്തിയിരുന്നു. അതിലൊന്നായിരുന്നു സ്ത്രീകളുടെ ആർത്തവകാല പൊരതൊട്ടു കൂടായ്മയെന്ന ദുരാചാരം. ജന്മിത്ത-ഫ്യൂഡൽ സമൂഹ്യാന്തരീക്ഷത്തിന് വിള്ളൽ വന്ന കാലത്തുതന്നെ ഫ്യൂഡൽ ആചാരങ്ങളെ തള്ളിക്കളഞ്ഞ ഒരു ജനതയെ കല്ല്യാണിയമ്മ പ്രതിനിധീകരിക്കുന്നുണ്ട്. വ്യക്തികളുടെ ജീവിതാനുഭവങ്ങളെ സൂക്ഷ്മമായി വിലയിരുത്തി സമൂഹമാറ്റങ്ങളെ മനസിലാക്കേണ്ടുന്നതിന്റെ ആവശ്യകതയിലേക്കാണ് കല്ല്യാണിയമ്മയുടെ ഓർമ്മകൾ നമ്മെ നയിക്കുന്നത്.

മരണംവരേയും മാറുമറയ്ക്കാതെ മേല്മുണ്ട് മാത്രം ധരിച്ച് ജീവിച്ച ഇവർക്ക് റൗക്കയെക്കുറിച്ച് അറിവില്ലാത്തതല്ല. മാറുമറയ്ക്കാത്ത അവസ്ഥ അവരെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമായി തോന്നാത്തതിനാൽ റൗക്ക ധരിച്ചില്ല എന്നു മാത്രം. സുഖപ്രദമല്ലാത്തതുകൊണ്ട് വേണ്ടെന്ന് വെച്ചതാണ്. മാറുമറയ്ക്കാൻ വേണ്ടി ഒരു ജനത തെരുവിലിറങ്ങി പ്രക്ഷോഭം നയിച്ചത് കല്ല്യാണിയമ്മയും അവരുടെ അനിയത്തി ലക്ഷ്മിയമ്മയും അറിഞ്ഞിട്ടേയില്ല.

കല്ല്യാണിയമ്മയുടെ വ്യവഹാരതലമെന്നത് അവർ കാൽനടയായി നടന്ന പ്രദേശങ്ങളാണ്. തണ്ടോറപ്പാറ മുതൽ ഇന്നത്തെ പേരാമ്പ്ര എസ്റ്റേറ്റ് വരെ ഏതാണ്ട് പതിനഞ്ച് കിലോമീറ്റർ ച

റ്റളവ് കല്ല്യാണിയമ്മ നിത്യവൃത്തിയുടെ ഭാഗമായി നടന്നുതീർത്ത സ്ഥലങ്ങളാണ്. ഓർമ്മവച്ചനാളുമുതൽ 2018-ൽ മരിക്കുന്നതുവരെയുള്ള കാലങ്ങളിലെ താൻ ഇടപെട്ടതലങ്ങളിലെ ഓർമ്മകളെല്ലാം കല്ല്യാണിയമ്മയുടെ മനസ്സിൽ തെളിഞ്ഞിരുന്നു. കല്ല്യാണിയമ്മയുടെ ഓർമ്മകൾ അവർക്ക് ചുറ്റുമുണ്ടായിരുന്ന സമൂഹത്തിന്റെ ഇന്നലെകളെക്കുറിച്ച് നിരവധി സൂചനകൾ നല്കുന്നുണ്ട്. ജനനം മുതൽ മനുഷ്യരുടെ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും ചടങ്ങുകളുടെ ആൺ-പെൺ തിരിച്ചുള്ള വിവരണം, വിദ്യാഭ്യാസകാലം, പുടമുറി, ഗർഭകാലം, പ്രസവം, ഉപജീവനമാർഗ്ഗങ്ങൾ, മരണം എന്നിങ്ങനെ പലമേഖലകളിലായുള്ള മനുഷ്യരുടെ ജീവിതപരിസരങ്ങളിലേക്കാണ് കല്ല്യാണിയമ്മയുടെ ഓർമ്മകൾ നമ്മെ നയിക്കുന്നത്.കല്ല്യാണിയമ്മയുടെ ഓർമ്മകൾ മുഴുവനായി ഇവിടെ ചർച്ചചെയ്യുന്നില്ല. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഓർമ്മകൾ മാത്രമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

കൊളോണിയൽ കാലത്തെ കുറുമ്പ്രനാട് താലൂക്കിൽ പെട്ട പേരാമ്പ്രദേശത്തിന്റെ പൂർവ്വ - ഉത്തര കൊളോണിയൽ കാലത്തെ കാർഷികചരിത്രമാണ് കല്ല്യാണിയമ്മയുടെയും കൂട്ടുകാരുടേയും ഓർമ്മകളിൽ തെളിയുന്നത്. ഇടവഴികൾ, പാടങ്ങൾ, പറമ്പുകൾ, കുന്നുകൾ എന്നിവ താണ്ടി പാട്ടുംപാടി കൂട്ടുകാർക്കൊത്ത് നിരനിരയായി കൃഷിപ്പണിയ്ക്കു പോയിരുന്ന ദിനങ്ങളിലെ ഓരോ ഏടുകളും കൃത്യമായി ഇവരുടെ ഓർമ്മകളിൽ തെളിയുന്നു. ഇരുപതു വർഷങ്ങൾക്കുമുമ്പുള്ള പ്രദേശഭൂപ്രകൃതി മാത്രമേ കല്ല്യാണിയമ്മയുടെ ഓർമ്മയിലുണ്ടായിരുന്നുള്ളൂ. 1990-കൾക്കു ശേഷം കല്ല്യാണിയമ്മ പുറത്ത് പണികൾക്കൊന്നും പോയിരുന്നില്ല. അക്കാലം വരേയുള്ള പ്രദേശ ഭൂപ്രകൃതി കൃത്യമായി ഇവരുടെ ഓർമ്മകളിൽ തെളിഞ്ഞിരുന്നു. കല്ല്യാണിയമ്മ പറയുന്ന നെൽപാടങ്ങളും ഇടവഴികളും ആൾപാർപ്പില്ലാതെ കാടുപിടിച്ച് കിടന്നിരുന്ന കുന്നുകളും ഇന്നില്ല. പലതിന്റേയും പേരുപോലും അവശേഷിക്കുന്നില്ല. എടപ്പിരിയത്ത് വയൽ ഇപ്പോഴുമുണ്ടെന്നാണ് കല്ല്യാണിയമ്മ കരുതിയിരുന്നത്. അതിന്ന് കനാൽ അക്വഡേയ്റ്റിനോട് ചേർന്നുള്ള ഒരു മൈതാനമായെന്ന് അവർ അറിഞ്ഞിട്ടില്ലായിരുന്നു. പാടങ്ങൾ മിക്കതും നികത്തി. ശേഷിച്ചവയിൽ കൃഷിയുമില്ല. ഒരു നൂറ്റാണ്ടുകാലത്തെ

കിഴക്കൻ പേരാമ്പ്രപ്രദേശത്തെ കാർഷികവൃത്തിയെ കുറിക്കുന്ന സാമൂഹ്യ ഓർമ്മകളുടെ ഭാഗമായാണ് കല്ല്യാണിയമ്മയുടെ ഓർമ്മകൾ ഇവിടെ പരിഗണിക്കുന്നത്.

**കൃഷി ഓർമ്മകൾ**

കൃഷിയുടെ രീതികളെപ്പറ്റിയുള്ള കല്ല്യാണിയമ്മയുടെ ഓർമ്മകൾ കാര്യമാത്ര പ്രസക്തിയുള്ളതാണ്. പ്രദേശങ്ങളുടെ ചരിത്രപരമായ രൂപീകരണ പ്രക്രിയ തിരയുന്ന ഒരാൾക്ക് ഈ ഓർമ്മകൾ വഴികാട്ടിയാണ്. ഉത്തരമലബാറിന്റെ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും വയലിലും പറമ്പിലും മലയിലും കൃഷിചെയ്തു പോന്നിരുന്നു. ഇത്തരം കൃഷിരീതികളുമായി ബന്ധപ്പെട്ട അറിവുകൾ വേണ്ടത്ര ശേഖരിക്കപ്പെടാത്തവയും എന്നാൽ അത്യന്തം പഠിക്കപ്പെടേണ്ടതുമായ ഒരു മേഖലയാണ്. ഇവയെക്കുറിച്ച് അറിയുന്നതാവട്ടെ ഇന്നവശേഷിക്കുന്ന പഴയകാല തലമുറയ്ക്ക് മാത്രം.

കല്ല്യാണിയമ്മയുടെ ഭൂപ്രദേശമായ കിഴക്കൻ പേരാമ്പ്രയിൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുണ്ടായിരുന്ന ഭൂവിതരണത്തെ കാണിക്കുന്ന പട്ടികയാണ് ചുവടെ കൊടുത്തിട്ടുള്ളത്. ഏക്കർ/സെന്റ് ക്രമത്തിൽ ആകെ വയലിന്റേയും പറമ്പിന്റേയും, ആൾതാമസമുണ്ടായിരുന്നതും ഇല്ലാത്തതുമായ പറമ്പ്/കുന്ന് പ്രദേശങ്ങളേയും കാണിച്ചിരിക്കുന്നു.

വയൽ, പറമ്പ് ആൾതാമസമുള്ള പറമ്പ് ആൾപാർപ്പില്ലാത്ത പ്രദേശം 174.39 118.87 51.42 1949.95. ആകെ ഭൂമി 2294 ഏക്കർ 63 സെന്റ്. പേരാമ്പ്ര ദേശം- ഭൂവിതരണക്രമം.
(ഉറവിടം: ഡിസ്ക്രിപ്റ്റീവ് മെമ്മെയർ ഓഫ് പേരാമ്പ്ര ദേശം നമ്പർ: 194, സെറ്റിൽമെന്റ് റജിസ്റ്റർ, കുറുമ്പ്രനാട് താലൂക്ക്, 1903, കാലിക്കറ്റ് ആർക്കൈവ്സിൽ നിന്ന്)

ആകെ ഭൂമിയിൽ വയൽ കൃഷി ഉണ്ടായിരുന്നത് 174/39 ഏക്കർ/സെന്റ് ഭൂമിയിൽ മാത്രമായിരുന്നു. അതായത് 7.60 ശതമാനം. പറമ്പ് കൃഷി 5 ശതമാനം. പറമ്പിനെ ഉൽപാദനത്തിന്റെ മേന്മയനുസരിച്ച് നല്ലത്, സാധാരണ, അൽപം മോശം, മോശം, തീരെ മോശം എന്നിങ്ങനെ വീണ്ടും തിരിച്ചിരുന്നു. ആകെ പറമ്പിൽ ഏതാണ്ട് 70 ശതമാനവും തീരെ മോശം പറമ്പായിരുന്നു. ഇതിൽ വെറും 2.2 ശതമാനം പറമ്പുകളിൽ മാത്രമേ

ആൾത്താമസമുണ്ടായിരുന്നുള്ളൂ. പേരാമ്പ്രദേശത്തെ ആകെ ഭൂമിയുടെ 85 ശതമാനവും ആൾപെരുമാറ്റമില്ലാത്ത കാടുപിടിച്ച കുന്നിൻപുറങ്ങളായിരുന്നു. കുന്നുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു പ്രദേശമാണിത്. കുന്നുകളുടെ ചെരിവുകളിലുള്ള പറമ്പുകളും അതിനോടു ചേർന്നു വീതികുറഞ്ഞ് നീണ്ടുകിടക്കുന്ന പാടങ്ങളുമുള്ള ഒരു ഭൂപ്രദേശമാണിത്. വയലുകളുടെ നാലതിരുകളും പറമ്പുകളായിരുന്നു. മഴക്കാലത്തെ ആശ്രയിച്ച് നില്ക്കുന്ന തോടുകൾ വയലുകളുടെ നീളം കൂടിയ ഇരു വശങ്ങളിലൂടെയുമായി ഒഴുകുന്നു. മുഞ്ഞോറച്ചാലിൽ നിന്ന് തുടങ്ങുന്ന തോട്, പടിഞ്ഞാറേ പറമ്പിൽ നിന്നു തുടങ്ങുന്ന തോടും എടത്തുംതാഴ, തൊള്ളറ, വളക്കണ്ടം, തണ്ടോറത്താഴനിലം എന്നീ വയലുകളുടെ പടിഞ്ഞാറും കിഴക്കും അതിരുകളിലൂടെ ഒഴുകുന്നു. ഈ വയലുകളുടെ പടിഞ്ഞാറേ കരയിലുള്ള പറമ്പിലാണ് കല്ല്യാണിയമ്മ താമസിച്ചിരുന്നത്. ചുരുക്കത്തിൽ ഉപജീനത്തിനായി വയലുകളിലെ കൃഷി മാത്രം മതിയാകുമായിരുന്നില്ല. പറമ്പിലെ കൃഷിയും അപര്യാപ്തമായിരുന്നു എന്നുകാണാം. പിന്നെ കുന്നുകളിലെ വിഭവങ്ങളേയും അക്കാലത്തെ ജനത ആശ്രയിച്ചിരുന്നു. കുന്നുകളിൽ കാട് വെട്ടിക്കരിച്ച് കൃഷിയും നടത്തിയിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലെ സെറ്റിൽമെന്റ് റജിസ്റ്ററിലെ ഭൂവിതരണ പ്രമാണം നല്കുന്ന സൂചനകളെ സാധൂകരിക്കുന്ന തെളിവുകളാണ് കല്ല്യാണിയമ്മയുടെ കാർഷിക അറിവുകൾ.

മൂന്നുതരം കൃഷികളും അതുമായിബന്ധപ്പെട്ട ആചാരങ്ങളും കല്ല്യാണിയമ്മയുടെ ഓർമ്മകളിലുണ്ട്. വയൽ കൃഷി, പറമ്പ് കൃഷി, മലങ്കൃഷി (മലയിലെ കൃഷി) എന്നിവയാണവ.

**വയൽ കൃഷി**

കൂടുതൽ ശ്രദ്ധയും കായികാദ്ധ്വാനവും വയലിലെ നെൽകൃഷിക്ക് വേണം. ഞാറ്റുവേലക്രമങ്ങളെയും, കൃഷി നടത്തുന്ന രീതികളെയും പറ്റിയുള്ള അറിവും വിതയ്ക്കാൻ വേണ്ട വിത്തിനങ്ങളും, പണിക്കൂട്ടങ്ങളും ഉള്ളവർക്ക് മാത്രമെ വയലിലെ കൃഷി വഴങ്ങിയിരുന്നുള്ളൂ. കൃഷിയുടെ തുടക്കം മുതൽ ഒടുക്കം വരെ പാടത്ത് കൃഷിക്കാരന്റെ പരിപാലനം ഈ കൃഷിക്ക് അനിവാര്യമാണ്. തവളക്കണ്ണൻ, ആര്യങ്കാളി, ഒറ്റലമൂടൻ, കോഴിവാലൻ എന്നീ വി

ത്തുകൾ വിതച്ചുള്ള രണ്ട് വിളകളാണ് (കന്നി/മകരം) വയലിൽ പ്രധാനമായും നടത്തിയിരുന്നത്. ഇതിനായി കണ്ടം കൊത്തി, കന്നുപൂട്ടി വിത്തുവിതക്കാൻ യോഗ്യമാക്കി തീർക്കുന്നു. വിത്ത് വിതച്ചാൽ പാടത്ത് കിളികളെ പായിക്കാൻ കാവലുണ്ടാകും. വിത്ത് പൊടിച്ച് ഞാറായാൽ അത് പറിച്ച് നടുന്നു. അവയ്ക്കിട യിൽ വളർന്നു വരുന്ന 'കള' പറിക്കലാണ് അടുത്തപടി. നെല്ല് കതിരായി വിളഞ്ഞുകഴിഞ്ഞാൽ അത് കൊത്തിത്തിന്നാൻ വരുന്ന കിളികളെ ആട്ടിത്തെളിക്കണം. പിന്നെ കൊയ്ത്തുപാകമാ യാൽ പെണ്ണുങ്ങളെ കൂട്ടി കൊയ്ത്തും തുടങ്ങും.

കൊയ്ത്തുകഴിഞ്ഞുള്ള ആചാരങ്ങൾ വളരെ വിശേഷപ്പെട്ട താണ്. കൊയ്ത്ത 'കറ്റ' കൊണ്ടിടുന്നതിനായി ചാണകം മെഴുകി 'ഉച്ചാല്' തളിച്ച് ശുദ്ധം വരുത്തി കളം ഒരുക്കുന്നു. കൃഷി നടത്തുന്ന ജന്മിയുടെ (എടത്തിൽ നമ്പ്യാർ) വീടും പരിസരവും അടിച്ച് വാരി ശുദ്ധം വരുത്തുന്നു. ഇങ്ങനെ ശുദ്ധം വരുത്തിയ കളത്തിലേക്കാ ണ് പാടത്തുനിന്ന് കൊയ്തെടുത്ത തങ്ങളുടെ 'തലക്കറ്റ' കർഷക സ്ത്രീകൾ കൊണ്ടുവരുന്നത്. കണ്ടത്തിൽ നിന്ന് പെറുക്കുന്ന 'കാല' കാപ്പിടിയും (നിലത്തുനിന്നും പെറുക്കിയെടുക്കുന്ന ഒറ്റയൊറ്റ പുല്ല കൾക്ക് പറയുന്നത് കാലപെറുക്കൽ - കാപ്പിടി എന്നാണ്) പ്ര ത്യേകം മാറ്റിവയ്ക്കാറുണ്ട്. കൊയ്ത്തു കഴിഞ്ഞാൽ ചാണകം തളിച്ച് കളം പൂട്ടി താക്കോൽ തറവാട്ടുക്കോയ്മയ്ക്ക് നൽകും. പുലയസമു ദായക്കാരായ അടിയാള കർഷകരാണ് ഇത് ചെയ്യുന്നത്. ഏഴു ദിവസത്തേക്ക് ചാണകം തളിക്കലും, ശീപോതിക്കു വെക്കലും, വിളക്കും, ഗുരുതിയും പതിവാണ്. ഏഴാം ദിവസം കളം തുറക്കുന്ന ത് ദൈവികപരിവേഷത്തോടെയെത്തുന്ന അടിയാളവിഭാഗക്കാ രുടെ അവകാശമാണ്. ഇതിന് 'കരിങ്ങാറ്റി' യെന്നാണ് പറയുക. മകരം ഒന്നിന് കുളികഴിഞ്ഞ് കുരുത്തോലത്തോരണം കെട്ടി കരിങ്ങാറ്റി കളത്തിലെത്തും നിലവിളക്കും, നിറയും, വച്ച് തറ വാട്ടുകാരണവർ ഇവരെ സ്വീകരിക്കണം. പിന്നീട് കളത്തിന്റെ താക്കോൽ കൈമാറും. 'കരിങ്ങാറ്റി' കളം തുറന്ന് തലക്കറ്റയിൽ നിന്നും കാപ്പിടിയിൽ നിന്നും ഓരോ പിടി നെൽക്കതിരെടുക്കു ന്നു. പിന്നീട് ഒരു കറ്റയെടുത്ത് മെതിച്ച് നെല്ലെടുത്ത് ഉരലിട്ടിടി ച്ച് അരിയാക്കി അടുപ്പിൽ വച്ച് പാചകം ചെയ്ത് വറ്റിച്ചെടുക്കും. അത് പ്രസാദമായി എല്ലാവർക്കും വിളമ്പുന്നു. പിന്നീടാണ് പെ

ണ്ണങ്ങൾ തലക്കറ്റയും, കാപ്പിടിയും മെതിക്കുന്നത്. മെതിച്ച നെല്ല് കാറ്റത്തിട്ട് പതിരകറ്റി അളന്ന് പതം വാങ്ങുന്നു. ബാക്കി നെല്ല് തറവാട്ടുകാരണവർ പത്തായത്തിലടയ്ക്കുന്നു. കാപ്പിടി മെതിച്ച നെല്ല് പണിയാളർക്കുള്ളതായിരുന്നു.

അക്കാലത്ത് നെല്ല് വിളയിച്ച പാടങ്ങൾ കൃത്യമായി കല്ല്യാണിയമ്മയുടെ ഓർമ്മയിലുണ്ട്. ചേനായിക്കൽനിന്ന് (പുഴയുടം ഓരം) തുടങ്ങുന്ന വയൽ പൊറായി വയൽ, മാണിക്കത്ത് കണ്ടി വയൽ, കുയ്യണ്ട മടത്തു വയൽ, ചെങ്കരത്താഴ വയൽ, കപ്പള്ളിത്താള വയൽ, ഇല്ലത്തുതാഴ, തൊള്ളാറയി താഴ, തുടിയടിച്ചാൽ താഴ, എടത്തിൽ താഴ, പുത്തൻപുരയിൽ താഴ, തണ്ടോറത്താഴ, എടപ്പിരിയത്തു വയൽ (ഇന്നത്തെ കനാൽ പാലത്തിനടുത്തുള്ള മൈതാനം) എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെട്ടിരുന്ന നീണ്ട പാടശേഖരം. ഈ വയലുകളെല്ലാം 1903 –ലെ സെറ്റിൽമെന്റ് റജിസ്റ്റർ അനുസരിച്ച് സർവ്വെ നമ്പർ 17 മുതൽ 25 വരേയുള്ളവയാണ്. ഭൂരിഭാഗം ഭൂമിയും അവിഞ്ഞാട്ട് മൂപ്പിൽ നായരുടെ ഉടമസ്ഥതയിലുള്ളതുമായിരുന്നു. ഇന്ന് ഇവയിൽ കൃഷിയിലുള്ളത് ഒന്നോ, രണ്ടോ വയലുകളിൽ മാത്രം. ബാക്കിയെല്ലാം നികത്തപ്പെട്ടിരിക്കുന്നു.

**പറമ്പുകൃഷി**

പറമ്പിലെ/വളപ്പിലെ കൃഷിയാണ് രണ്ടാമത്തേത്. വയലിലെ കൃഷിയെ അപേക്ഷിച്ച് പറമ്പിലെ നെൽകൃഷിക്ക് കുറഞ്ഞ പരിപാലനവും സമയവും അദ്ധ്വാനവും മതിയായിരുന്നു. പുരയിടങ്ങളിൽ നടത്തുന്ന കൃഷിയാണിത്. മൂന്നു മാസത്തെ മൂപ്പുള്ള ഏച്ചിലാടൻ, കറുത്തേടക്കൻ, ചോമാല, പെര്യവിത്ത് (പെരിയവിത്ത്), നകര തുടങ്ങിയ വിത്തുകൾ വിതച്ചുള്ള ഒറ്റവിളയാണ് പറമ്പുകളിൽ നടത്തിയിരുന്നത്. ഇതിനായി വളപ്പ് 'കൊത്തി ആട്ടി' (കിളച്ചു മറിച്ചശേഷം വലിയ മൺകട്ടകളുടച്ച് പാകപ്പെടുത്തുന്ന രീതി) പുല്ല് പെറുക്കി, അന്നുതന്നെ വിത്ത് വിതക്കുന്നു. വിത്ത് വിതച്ചു കഴിഞ്ഞ് അപ്പോൾതന്നെ മണ്ണുതട്ടി വിത്തുമൂടും. വിത്തു പൊടിച്ചുകഴിഞ്ഞാൽ ഇടയ്ക്ക് വളരുന്ന പുല്ല് പറിച്ചും മാറ്റും, വലിയ ചെടികൾ വളർന്നുവന്നാൽ ഒതുക്കിമാറ്റും മൂന്നുമാസം കഴിഞ്ഞാൽ വിളവെടുക്കും. കൊയ്ത്തുകഴിഞ്ഞാൽ പിന്നെ എടവിളകൾ കൃഷിചെയ്യും.

ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയവ പറമ്പിലും, വെള്ളരി, കുമ്പളം മുതലായ കറി പച്ചക്കറികൾ കുനി പ്രദേശത്തും (പറമ്പും വയലും ചേരുന്ന അതിര്) കൃഷി ചെയ്തിരുന്നു. ചക്ക, മാങ്ങ, പുളി എന്നിവ മിക്ക പറമ്പുകളിലും ഉണ്ടായിരുന്നു. തെങ്ങും കവുങ്ങും പറമ്പുകളിൽ വെച്ചുപിടിപ്പിച്ചിരുന്നു. ഇവയായിരുന്ന പറമ്പിലെ ഉഭയങ്ങൾ. 19-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലെ കാര്യങ്ങൾ അടയാളപ്പെടുത്തിയ തലശ്ശേരിരേഖകൾ നല്കുന്ന വിവരമനുസരിച്ച് കായ്ച്ച തെങ്ങിനും കായ്ക്കാത്ത തെങ്ങിനും പ്രത്യേകം പ്രത്യേകം നികുതി ഈടാക്കിയിരുന്നു. എത്ര തെങ്ങ്-കവുങ്ങുകൾ ഉണ്ട് എന്നതിനെ ആശ്രയിച്ചാണ് പറമ്പിന്റെ മൂല്യം നിശ്ചയിച്ചിരുന്നത്. പറമ്പുകൃഷി പുരയിടത്തോടൊപ്പം നടന്നിരുന്ന കാർഷിക പ്രവൃത്തിയുമായിരുന്നു. എന്നാൽ കല്ല്യാണിയമ്മയുടെ ജീവിതകാലത്തു തന്നെ പറമ്പുകൃഷിയുടെ തകർച്ചയും അവർ നേരിൽ കണ്ടു. കല്ല്യാണിയമ്മയുടെ രണ്ട് പൂതികൾ അഥവാ ആശകൾക്കിടയിലുള്ള കാലത്താണ് പറമ്പിലെ കൃഷി നിന്നുപോയതെന്ന് അടയാളപ്പെടുത്താൻ ഒരുപക്ഷേ കഴിഞ്ഞേക്കും. 1990-നും 2010 നും ഇടയിൽ പറഞ്ഞ രണ്ട് ആശകൾ കല്ല്യാണിയമ്മ ഉന്നയിക്കുന്ന മറ്റൊരു ഗവേഷണ പ്രശ്നമായി കാണാവുന്നതാണ്. ഒന്നാമത്തെ ആശ- തക്കാളിയും വെണ്ടയ്ക്കയും ചേർത്തുണ്ടാക്കിയ ഒരു കൂട്ടാൻ കൂട്ടി ചോറു തിന്നാൻ കൊതിയാകുന്നു. രണ്ടാമത്തെ ആശ- ചക്കക്കുരുവും മാങ്ങയും കൂട്ടി ചോറു തിന്നാൻ കൊതിയാകുന്നു. ഈ രണ്ട് ആശകൾക്കിടയിലെ 20- വർഷങ്ങൾക്കിടയിലാണ് തണ്ടോറപ്പാറയെന്ന പ്രദേശം ബഹുവിള കാർഷിക പാരമ്പര്യത്തിൽ നിന്ന് ഉപഭോഗസംസ്കാരത്തിലേക്ക് പൂർണ്ണമായും മാറിയത്. പറമ്പിലേയും പാടത്തേയും മലകളിലേയും കാർഷികോൽപന്നങ്ങൾ മുഖ്യമായും ഭക്ഷണമാക്കിയ കല്ല്യാണിയമ്മക്ക് അങ്ങാടി പച്ചക്കറികളായ തക്കാളിയും വെണ്ടയും അപൂർവ്വ ഇനങ്ങളായിരുന്നു. ഓണം, വിഷു തുടങ്ങിയ ആഘോഷാവസരങ്ങളിൽ മാത്രമാണ് അങ്ങാടി പച്ചക്കറികളായ തക്കാളി, വെണ്ട, കാരറ്റ്, ബീറ്റ്റൂട്ട് തുടങ്ങിയവ വാങ്ങിയിരുന്നത്. സാധാരണദിനങ്ങളിൽ പറമ്പിലും, വയലിലും ഉണ്ടാക്കിയ ചേമ്പ്, ചേന, മുരിങ്ങ, വെള്ളരി, ചക്കക്കുരു-മാങ്ങ തുടങ്ങിയ വിഭവങ്ങൾകൊണ്ടുണ്ടാക്കിയ കൂട്ടാൻ കറിക്കായിരുന്നു.

കല്ല്യാണിയമ്മയുടെ ഓർമ്മകളിൽ 1990-കൾക്ക് ശേഷമാണ് പറമ്പു കൃഷികൾ ക്രമേണ കുറയുന്നതും അങ്ങാടിപ്പച്ചക്കറികൾ അടുക്കളകളിൽ നിറയുന്ന അവസ്ഥ രൂപംകൊള്ളുന്നത്. കല്ല്യാണിയമ്മയുടെ ആശ ഒരു സമൂഹത്തിന്റെ ഭക്ഷണസംസ്കാരത്തിലേക്കും അതിൽ വന്ന മാറ്റങ്ങളിലേക്കുമാണ് വിരൽ ചൂണ്ടുന്നത്. 2010 നു ശേഷം അങ്ങാടി പച്ചക്കറികൾ സുലഭവും പറമ്പുവിളകൾ അങ്ങേയറ്റം വിരളവുമായി മാറുന്നു. അന്ന് ഭക്ഷ്യവിള കൃഷി ഒരു സമൂഹത്തിന്റെ മൊത്തം ഉപജീവന മാർഗ്ഗമായിരുന്നുവെങ്കിൽ ഇന്നത് ഓരോ അടുക്കളയുടേയും പിന്നാമ്പുറത്തെ പൂന്തോട്ട കൃഷിയായി ഒതുങ്ങിയിരിക്കുന്നു.

**മലയിലെ അടുമാറി കൃഷി**

മൂന്നാമത്തേത് മലയിലെ കൃഷിയായായിരുന്നു. കുംഭമാസമാകുന്നതോടെ മലയിലെ കൃഷിക്ക് തുടക്കമായി. കാടു വെട്ടിത്തെളിച്ച് കത്തിച്ച് കൃഷിക്ക് പാകമാക്കുന്നു. നാലോ അഞ്ചോ ആളുകൾ കൂട്ടായാണ് മലയിൽ കൃഷിനടത്തിയിരുന്നത്. കുംഭമാസം തൊട്ട് തുലാം മാസംവരെ മലയിൽ നിറയെ ആളുകളായിരുക്കുമത്രേ! - ഓരോരുത്തരും കൃഷിചെയ്യാനുദ്ദേശിക്കുന്ന ഭാഗം 'കാട്വാരി' പരിധി നിശ്ചയിക്കുന്നു. ഇതിന് 'അടുമാറി' എന്നാണ് പറയുന്നത്. അടുമാറിയിട്ടാൽ മരക്കോല്കൊണ്ട് അളന്ന് കണ്ടപ്പാടുകളായി തിരിക്കും. മേടം 1 ന് (വിഷു) വെളുപ്പിന് കൊയ്യാള, വെളുത്തകൊയ്യാള, കറുത്ത കൊയ്യാള, കര്വാള, വില്ലൻ, എറയൻ, കവുങ്ങുംപൂത്താള തുടങ്ങിയ വിത്തുകൾ വിതക്കുന്നു. കൊയ്യാള കൃഷിയെന്നും മലകൃഷിയെ പറയുന്നുണ്ട്. വിത്തിട്ടുകഴിഞ്ഞാൽ അന്നുതൊട്ട് കാവൽ തുടങ്ങും. ആദ്യകാലത്തുള്ള (വിത്തുപൊടിച്ചുവരുന്ന കാലം) കാവലിന് 'എളം കാവൽ' എന്നാണ് പറയുന്നത്. പിന്നീട് വലിയ മരത്തിനു മുകളിൽ ഓലവെച്ച് പാകി വലിയ പന്തലുണ്ടാക്കുന്നു. ഇതിന് 'പന്തല് കാവൽ' എന്നാണ് പറയുക. കാട്ടാനകളുടെ ശല്യമുള്ളതുകൊണ്ടാണത്രേ ഇങ്ങനെ ചെയ്തിരുന്നത്. പുരുഷൻമാർ മാത്രമാണ് കാവലിന് പോകുന്നത്. കാവൽ കിടക്കുന്ന സമയത്ത് കഴിക്കാനുള്ള ഭക്ഷണം പൊതിഞ്ഞുകൊണ്ടുപോകാറാണ് പതിവ്. അത്യാവശ്യത്തിനുള്ളത് മലയിൽ തന്നെ ഉണ്ടാക്കും.

വിളവെട്ടുക്കാനായാൽ ചെയ്യുന്ന പ്രധാനപണി കളമൊരു ക്കലാണ്. വലിയ ശുദ്ധിയോടെ ചെയ്യേണ്ടുന്ന ഒന്നായിരുന്നത്രേ അത്. സ്ത്രീകൾക്ക് കളത്തിൽ പ്രവേശിക്കാം, പക്ഷേ ആർത്തവ കാലത്താണെങ്കിൽ മലയിലോ കളത്തിലോ കടക്കാൻ പാടി ല്ലായിരുന്നു. ഒരു കണ്ടപ്പാട് കിളച്ച് 'നിലംതല്ലിക്ക് തച്ച്' മിനു ക്കിയെടുത്തു 'കുഴിക്കളം' (കളത്തിലെ കുഴി) തീർക്കുന്നു. തുലാം പത്തിന് മുമ്പ് കൊയ്ത്തു കഴിയുന്നു. തുലാമാസം കഴിഞ്ഞിട്ട് കൊയ്യു ന്നത് കെരുവാള വിത്തിട്ട നെൽപാടം മാത്രമാണ്. കൊയ്തെടുത്ത കറ്റ കളത്തിലിട്ട് മെതിച്ച് പതിരകറ്റി നെല്ലാക്കും. ഓരോരുത്ത രുടെയും പുല്ല് കെട്ടിനു പുറമെ 'കാപ്പിടി' മെതിച്ചുകിട്ടുന്ന നെല്ലും, കളമടിച്ച് കിട്ടുന്ന കല്ലുംമണ്ണും ചേർന്ന നെല്ലും പണിക്കാർക്കവ കാശപ്പെട്ടതായിരുന്നു. നെല്ല് മെതിച്ച് കാറ്റത്തിട്ടുകഴിഞ്ഞാൽ ആദ്യം പണിക്കൂട്ടങ്ങൾക്ക് പതം അളന്ന് നെല്ല് കൂലിയായി കൊടുക്കും. പതമളന്നു കഴിഞ്ഞാൽ ബാക്കി നെല്ല് കുഴിക്കളത്തി ലിടുന്നു. നെല്ലു മുഴുവനുമിട്ടുകഴിഞ്ഞാൽ കുഴിക്കളം മൂടുന്നു. പിന്നീട് ഏഴുദിവസം കഴിഞ്ഞേ കളം തുറക്കുകയുള്ളൂ. അതുവരെ കാവൽ തുടരും. ഏഴാം ദിവസം വെള്ളാട്ടവും കൊടുക്കയും (മല ദൈവ ങ്ങൾക്കും പൂർവ്വികർക്കുമുള്ള ഭിക്ഷ) കഴിച്ച് (ഇതിനുള്ള അവൽ നെല്ലുടിച്ചുണ്ടാക്കും) പണിക്കാർക്ക് കളത്തിൽ പുന്നയില വിരിച്ച് ഇളനീരും അവലും പഴവും നൽകുന്നു (പ്രസാദം). തുടർന്ന് കുഴി ക്കളം തുറക്കുന്നു. കുഴിക്കളത്തിൽ കുഴിയടക്കുമ്പോൾ നെല്ലു പകു തിയാണ് ഉണ്ടായിരുന്നതെങ്കിൽ കുഴി തുറക്കുമ്പോൾ അത് കവി ഞ്ഞൊഴുകുമത്രേ.

പറമ്പിലോ വയലിലോ കൃഷിചെയ്തു കിട്ടുന്നതിനേക്കാൾ എത്രയോ മടങ്ങ് കൂടുതലാണ് മലയിൽ നിന്നു കിട്ടുന്നത്. ഒരു വർഷത്തേക്കുള്ള മുതല് മൊത്തമുണ്ടാക്കാൻ മലകൃഷിയിലൂടെ സാധിക്കുമായിരുന്നുവത്രേ! എത്രപേരാണോ ഒരു 'അട്ടമാറി'ക്ക കത്ത് കൃഷി ചെയ്തത് അത്രയുംപേർക്ക് തുല്ല്യമായി നെല്ല് ഭാഗിച്ച് ചുമടാക്കും ഇതിന് 'കാവെട്ടുക്കു'കയെന്നാണ് പറയുക. നാലുപേർ നാല് കാവായി തിരിച്ച് ചുമടാക്കിയാണ് മലയിൽ നിന്നും നെല്ല് കൊണ്ടുപോകുന്നത്. പിന്നീട് അടുത്ത കുംഭത്തിലേ മലയിലേ ക്ക് തിരിക്കുകയുള്ളൂ. അടുത്തതവണ അതേ മലയിൽ തന്നെ മുമ്പു കൃഷി ചെയ്തവർ കൃഷി ചെയ്യാറ് പതിവില്ല. അവിടെ വേറെ കൂട്ടർ

പോകും. ചിലപ്പോഴൊക്കെ വാരം വാങ്ങാൻ കുത്താളി ദേശവാഴിയുടെ കാര്യസ്ഥർ വരാറുണ്ടായിരുന്നത്രേ. കൊടുക്കണമെന്ന് നിർബന്ധമില്ല. ഇത് ചിലപ്പോഴൊക്കെ തർക്കത്തിലേക്കും, കലഹത്തിലേക്കും നയിച്ചിരുന്നു.

മലയിലെ കൃഷിപ്പണിക്ക് പോകുമ്പോൾ മുമ്പിലും പിന്നിലും ഉണ്ടായിരുന്ന ആൺബലത്തെ കല്ല്യാണിയമ്മ ഓർക്കുന്നു. കീരിക്കണ്ടി കേളപ്പൻ നായർ (ഊരാളിനായർ) കുണ്ടഞ്ചേൽ കണ്ണൻ (ചാലിയൻ) മാണിക്കത്തുകണ്ടി കുഞ്ഞിക്കേളപ്പൻ നമ്പ്യാർ (തെക്കിന നമ്പ്യാർ) കണ്ടോത്തെ ചാത്തു (ചാലിയൻ) എന്നിവരായിരുന്നത്രേ അവർ. യോഗ്യാറപാറ (ചോയ്യാറുപാറ) മുതൽ പെരുവണ്ണാമൂഴിവരെയുള്ള മലകളിലും, കാഞ്ഞിരക്കടവ് മുതൽ മൂന്നാംമുക്ക് വരെയുള്ള മലകളിലും ഇക്കാലത്ത് സജീവമായി കൃഷി ചെയ്തിരുന്നു.

**ഓർമ്മകളെ ചരിത്രവൽക്കരിക്കുമ്പോൾ**

ഒരു കർഷകസ്ത്രീയുടെ ഓർമ്മകളിൽ തെളിയുന്ന വ്യത്യസ്ത കാർഷികരീതികളുടെ ലഘുവിവരണമാണ് മേൽവിവരിച്ചത്. പഴയ കൊളോണിയൽ കുറുമ്പ്രനാട് താലൂക്കിൽ പെട്ട പേരാമ്പ്ര ദേശമെന്ന ഒരു ചെറിയ ഭൂപ്രദേശത്ത് നടന്നിരുന്ന കാർഷികവൃത്തിയുടെ ഇന്നലെകളാണിത്.

ഈ ഓർമ്മകളിൽ തെളിഞ്ഞ 'അട്ടമാറി'യെന്ന പ്രയോഗം വളരെ ശ്രദ്ധേയമാണ്. മലമ്പ്രദേശത്ത് കുറ്റിക്കാടുകൾ വെട്ടിക്കരിച്ച് അതിരു നിശ്ചയിച്ച് നടത്തിയിരുന്ന പുനം കൃഷിയാണ് അട്ടമാറി. ഈ കൃഷി രീതി വടക്കൻ കേരളത്തിൽ വളരെക്കാലം മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്നു. ദക്ഷിണേന്ത്യയിൽ തന്നെ ഏറ്റവും പഴക്കം ചെന്ന കാർഷികരീതിയാണിത്. ഇരുമ്പുയുഗചരിത്രാരംഭകാലം തൊട്ടുതന്നെ ഈ കൃഷിരീതി തമിഴകത്തോടു ചേർന്നു കിടന്നിരുന്ന വടക്കൻ കേരളത്തിലും ഉണ്ടായിരുന്നു. കാസർക്കോട് ജില്ലയിലെ ചീമേനിയിലെ ഒരു ചെങ്കല്ലറയ്ക്കകത്ത് (മഹാശിലാസ്മാരകം) സ്ഥലമുടമയും അറ യാദൃശ്ചികമായി തുറക്കനിടയായതുമായ വ്യക്തി കണ്ടെത്തിയ മലനെല്ലിന്റെ അവശിഷ്ടങ്ങൾ അട്ടമാറി-പുനം കൃഷിയുടെ പുരാവസ്തു തെളിവാണ്. ഈയടുത്തകാലത്ത് തമിഴ്നാട്ടിൽ പഴനിമലക്കടുത്ത് പൊറു

ന്തലിൽ പുരാവസ്തു ഉൽഖനനത്തിൽ ഡോ. കെ. രാജൻ കണ്ടെടുത്ത നെല്ലിന്റെ വലിയ ശേഖരവും ദക്ഷിണേന്ത്യയിൽ പുനം നെല്ലിന്റെ പൗരാണികത്വം വിളിച്ചോതുന്നുണ്ട്. കല്ല്യാണിയമ്മയുടെ പ്രദേശത്തിനോട് ചേർന്നുള്ള കുടകുത്തിയിലെ കുടക്കല്ലും, പൈതോത്തെ ചെങ്കല്ലറയും, ചങ്ങരോത്തെ കരിങ്കല്ലറയും നന്നങ്ങാടികളുമൊക്കെ മഹാശിലാകാലത്ത് പേരാമ്പ്രദേശത്ത് ജനവാസമുണ്ടായിരുന്നതിന്റെ തെളിവുകളായി ഈയടുത്തകാലം വരേയും നിലനിന്നിരുന്നു. കൃഷിയും കന്നുകാലി വളർത്തലും, കൈമാറ്റങ്ങളും മറ്റും ഉപജീവനത്തിന്റെ ഭാഗമായി നടത്തിയ ഇരുമ്പുയുഗ ചരിത്രാരംഭകാല (ബി.സി.ഇ 500- സി.ഇ. 500) ജനതയുടെ സ്മാരകങ്ങളാണിവ. മുമ്പുകാലത്തെ വേട്ടയാടലും, വിഭവശേഖരണവും ഇക്കാലത്തും തുടർന്നിരുന്നു. ചരിത്രാരംഭകാലത്ത് മലമ്പ്രദേശമായ കുറിഞ്ചി തിണകളിൽ കാടു വെട്ടിക്കരിച്ച് നടത്തിയ കൃഷിയെക്കുറിക്കുന്ന നിരവധി വിവരങ്ങൾ സംഘം കൃതികളിൽ കാണാം. അക്കാലത്ത് തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളത്തിന്റെ മലനിരകളിലെ മനുഷ്യരുടെ ഉപജീവന-അതിജീവനത്തിന്റെ ഇന്നലെകളും ഈ പാട്ടുകളിൽ തെളിയുന്നുണ്ട്. ഏഴിമലയിലെ (കണ്ണൂർ ജില്ല) പ്രചീനകാലത്തുണ്ടായിരുന്നെന്നു കരുതുന്ന വേളിർകുലത്തിലെ നന്നൻ എന്ന മന്നനെ കുറിക്കുന്ന പാട്ടുകളിലും മലനിരകളിലെ പുനം കൃഷിയെപ്പറ്റി സൂചനകളുണ്ട്. ഈ കൃഷിരീതി പിൽക്കാലത്തും തുടർന്നിരുന്നു എന്നാണ് സി.ഇ. 11-ാം നൂറ്റാണ്ടിലെ ചോക്കൂർ ലിഖിതത്തിലും (കോഴിക്കോട് ജില്ല), കണ്ണപുരം കുറുവക്കാവ് (കണ്ണൂർ ജില്ല) ലിഖിതത്തിലും പരാമർശിക്കുന്ന അടുമാറി പുനംവയലുകളെക്കുറിച്ച് പരാമർശമുണ്ട്. തെക്കൻ മലബാറിലെ കൊളോണിയൽ ഏറനാട് താലൂക്കിലെ നറുകര അംശം ദേശത്തും അടുമാറി വയൽ ഉണ്ടായിരുന്നുവെന്ന് 1903-ലെ സെറ്റിൽമെന്റ് റജിസ്റ്റർ സൂചിപ്പിക്കുന്നു. ഇതേ പദം തന്നെ ഇരുപതാം നൂറ്റാണ്ടിൽ മലയിലെ പുനം കൃഷിയെ കുറിക്കുന്നതിനായി ഉപയോഗിച്ചിരുന്നു എന്ന കല്ല്യാണിയമ്മയുടെ ഓർമ്മകൾ വടക്കൻ കേരളത്തിൽ നൂറ്റാണ്ടുകളോളം സജീവമായി നിലനിന്നിരുന്ന മലങ്കൃഷിയുടെ തുടർച്ചയെ കാണിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തെക്കൻ കേരളത്തിൽ നിന്ന് 'ചേട്ടന്മാർ' (ക്രൈസ്തവരെ വടക്കൻ മലബാ

റുകാർ ഇങ്ങനെയാണ് വിളിച്ചിരുന്നത്.) കുടിയേറിപ്പാർത്തതിനു ശേഷമത്രേ അടുമാറിയിട്ട് മലയിൽ നടത്തിയിരുന്ന നെൽകൃഷി പൂർണ്ണമായും ഇല്ലാതായത്. ഇത് കൂടുതൽ പഠനങ്ങൾക്ക് സാധ്യതയേകുന്നുണ്ട്.

'അടുമാറി'യെന്നത് മലയിലെ കൃഷിയെ മാത്രം കുറിക്കുന്ന പദമായിരുന്നില്ല. ഒരു കാർഷിക രീതിയെന്നതിനേക്കാൽ കൃഷി ചെയ്യാൻ സാധാരണയായി പറ്റാത്ത ഇടങ്ങളെ അതിനായി പാകപ്പെടുത്തി അതിരു നിശ്ചയിക്കുന്ന പ്രക്രിയയെ കുറിക്കാനാണ് ഈ പദം ഉപയോഗിച്ചിരുന്നത്. കൃഷി ചെയ്യുന്ന ഭൂമി അതിനായി പാകപ്പെടുത്തി അതിരുതിരിച്ചിടുന്ന പ്രക്രിയയെ 'അടുമാറി' ഇടുക എന്നാണ് പറഞ്ഞിരുന്നത്. ഇത് മലയിൽ കാടുവെട്ടിക്കരിച്ച് അതിരുതിരിച്ച് വിത്തുവിതക്കുന്ന ഇടത്തിനും, ചെളിപൂണ്ട ആഴമുള്ള വയലിൽ കൃഷിചെയ്യുന്നതിനായി ഭൂമി അതിരു തിരിക്കുന്ന പ്രക്രിയയെയും ഒരുപോലെ വിശേഷിപ്പിക്കാൻ പ്രയോഗത്തിലുണ്ടായിരുന്നു. 1903-4-ലെ കൊളോണിയൽ സെറ്റിൽമെന്റ് റജിസ്റ്റർ (പേരാമ്പ്ര ദേശം നമ്പർ 193, കാലിക്കറ്റ് ആർക്കൈവ്സ്) പ്രകാരം സർവ്വെ നമ്പർ 33/2-ൽ 90 സെന്റിൽ ഒരു അടുമാറി നിലം കല്ല്യാണിയമ്മ ജനിക്കുന്നതിനു രണ്ടു ദശകങ്ങൾക്ക് മുമ്പു തന്നെ പേരാമ്പ്ര ദേശത്ത് ഉണ്ടായിരുന്നു. കാളങ്കുളത്തുതാഴ നിലത്തിനും (സർവ്വെ നമ്പർ33/1. 1-ഏക്കർ27 സെന്റ്), പൊറവയൽ നിലത്തിനും (സർവ്വെ നമ്പർ 33/3. 1-ഏക്കർ 77 സെന്റ്) ഇടയിലുള്ള ഈ ഭൂമി പില്ക്കാലത്തും നിലനിന്നിരുന്നു. ഇന്നത് നികത്തി കരഭൂമിയാക്കി മാറ്റിയിരിക്കുന്നു.

പ്രാചീനകാലത്ത് മലനെല്ല് പ്രധാനമായും ഉപഭോഗത്തിനും മിച്ചമുള്ളവ കൈമാറ്റത്തിനും മാത്രമായിരുന്നു. എന്നാൽ കല്ല്യാണിയമ്മയുടെ ഓർമ്മകളിലെ മലകൃഷിയിലെ നെല്ല് ഉപഭോഗത്തേക്കാൾ വിപണനം ഉന്നം വെച്ച് ചെയ്തവയായിരുന്നു. മലനെല്ലിന്റെ വാണിജ്യപ്രാധാന്യം കൃഷിയുമായി ബന്ധപ്പെട്ട ആചാരങ്ങളിലും ചടങ്ങുകളിലും നിഴലിക്കുന്നുണ്ട്. വയലിലെ കൃഷിയിൽ നെൽക്കറ്റ മെതിച്ചു കഴിഞ്ഞാൽ കൊയ്ത്തുകാർക്ക് കൂലിയായി പതമളന്നു കൊടുത്ത് ബാക്കിയുള്ളവ പത്തായത്തിൽ ഇടുകയാണ് ചെയ്യുന്നത്. ഇതു നെൽകൃഷിചെയ്ത തറവാട്ടിലേയും തറവാടുമായി ബന്ധപ്പെട്ട മറ്റു കുടുംബങ്ങളിലേയും നിത്യ

ഉപഭോഗത്തിനും പണിക്കൂട്ടങ്ങൾക്ക് കൂലിയായി നൽകാനുമായിരുന്നു ചിലവഴിച്ചിരുന്നത്. കുറച്ച് ഭാഗം അടുത്ത തവണ കൃഷിയിറക്കാനുള്ള വിത്തായും മാറ്റി വച്ചിരുന്നു. എന്നാൽ മലനെല്ല് കൊയ്ത്ത് നെല്ലാക്കി കഴിഞ്ഞാൽ പതം നൽകി ബാക്കിയുള്ളത്രയും കളത്തിനകത്ത് കുഴിയെടുത്ത് അതിലിട്ട് മൂടുന്ന ചടങ്ങാണ് നടത്തിയിരുന്നത്. ഏഴാം ദിനം കളം തുറക്കുമ്പോൾ കളം കവിഞ്ഞൊഴുകിയിരുന്നുവെന്നത് മലദൈവപ്രീതിയായി കല്ല്യാണിയമ്മയെപോലുള്ള കർഷകർ കരുതിയിരുന്നു. എന്നാൽ അതിനു പിന്നിൽ ഒരു വിപണനതന്ത്രം കൂടി ഉണ്ടായിരുന്നു. കുഴിയിലിട്ട് വായുകടക്കാതെ ഭദ്രമായി അടച്ച കുഴിക്കളത്തിനകത്തെ ചൂട് നിമിത്തം നെല്ല് സ്വാഭാവികമായും വീർത്തുവരുന്നതാണ് നെല്ല് കളം കവിയാൻ കാരണമെന്നത് സാമാന്യയുക്തിയാണ്. ഈ പൊലിമ കച്ചവടം ചെയ്യാനുള്ള നെല്ലിന് ആവശ്യവുമായിരുന്നു. തൂക്ക സമ്പ്രദായത്തേക്കാൾ മതിച്ച്, വിൽപനയാണ് മലനെല്ല് നടത്തിയിരുന്നത്. തലശ്ശേരിക്കല്ലുപോലുള്ള പ്രാദേശികളുക്കങ്ങളും, തട്ടയും ത്രാസും ഉപയോഗിച്ചുള്ള കൊളോണിയൽ ഏകീകൃത തൂക്കവും നിലവിലുണ്ടായിരുന്നെങ്കിലും മതിപ്പ് വിൽപനയും, അളന്നു വിൽപനയും ആയിരുന്നു പങ്കുകൃഷിക്കാർ ചെയ്തിരുന്നത്. അതിനായി മതിപ്പു കൂട്ടുന്നതിന് നെല്ലിന്റെ പൊലിമ വർദ്ധിപ്പിക്കണമായിരുന്നു. അതായിരുന്നു കുഴിക്കളം തീർക്കുന്ന ചടങ്ങിനു പിന്നിലെ ഉദ്ദേശ്യമെന്നത്.

മലനെല്ല് പൊലിമ അളന്ന് എത്ര കൂട്ടാണോ (പങ്ക്) അത്രയും ഭാഗിച്ച് ചുമടാക്കി കാവെടുത്ത് (മുളവടിയിലൂടെ രണ്ടറ്റത്തും ചുമടു കെട്ടി തോളിലേറ്റി കൊണ്ടുപോകുന്ന രീതി) പേരാമ്പ്രയിലോ, കൊയിലാണ്ടിയിലോ ഉള്ള അങ്ങാടിയിൽ കൊണ്ടുപോയി വിറ്റിരുന്നു. ഈ നെല്ല് ഇടനിലക്കാർ വഴി തലശ്ശേരിയിലും എത്തിയിരുന്നു എന്ന ഓർമ്മകൾ കല്ല്യാണിയമ്മ പങ്കുവെയ്ക്കുന്നുണ്ട്. വളരെ ചെറിയ സാംസ്കാരിക ഭൂമിശാസ്ത്രപരിധിക്കകത്ത് വ്യാപരിച്ചിരുന്ന കല്ല്യാണിയമ്മയുടെ മനസ്സിൽ കൊയിലാണ്ടി, തലശ്ശേരി അങ്ങാടികൾ വരുന്നു എന്നത് പേരാമ്പ്രദേശത്തെ കാർഷിക വിഭവങ്ങൾ കൊളോണിയൽ താവളമായിരുന്ന തലശ്ശേരിയിലേക്കും, തീരദേശകച്ചവട കേന്ദ്രമായിരുന്ന കൊയിലാണ്ടിയിലേക്കും എത്തിയിരുന്നു എന്നു കാണിക്കുന്നുണ്ട്. മരിക്കുംവരെ

ഒരിക്കൽ പോലും തലശ്ശേരിയിൽ പോയിട്ടില്ലാത്ത കല്ല്യാണിയമ്മയുടെ ഓർമ്മകളിൽ തലശ്ശേരി അങ്ങാടി വലിയൊരു കച്ചവടസങ്കേതമായി കൂടിയിരിക്കുന്നുവെങ്കിൽ അതു കല്ല്യാണിയമ്മയുടെ പ്രദേശത്തെ പങ്കുകൃഷിക്കാർക്ക് തലശ്ശേരിയുമായി നേരിട്ടോ, ഇടനിലക്കാർ വഴിയോ ഉണ്ടായിരുന്ന കച്ചവടബന്ധത്തെ അടിവരയിടുന്നുണ്ട്.

ചുരുക്കത്തിൽ, 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കിഴക്കൻ പേരാമ്പ്രയുടെ ചരിത്രത്തിൽ പറമ്പ്, വയൽ, മല എന്നിവിടങ്ങളിലെ കൃഷി വളരെ പ്രധാനമായിരുന്നു. മലയിലെ കാട് ചുട്ടുകരിച്ച് പ്രാചീനകാല മനുഷ്യർ തുടങ്ങിയ ആദിമകൃഷി പിൽക്കാല മനുഷ്യസമൂഹവും തുടർന്നിരുന്നു. 1970-കൾ വരെയെങ്കിലും ഈ കൃഷിരീതി തണ്ടോറപ്പാറയിൽ ഉണ്ടായിരുന്നുവെന്നാണ് കല്ല്യാണിയമ്മ പറയുന്നത്. അക്കാലം വരേയും പ്രദേശത്തെ ജനതയുടെ പ്രധാന ഉപജീവനമാർഗ്ഗം ഇത്തരത്തിലുള്ള ബഹുവിള കൃഷിയായിരുന്നു.

**ചുരുക്കത്തിൽ**

സാമാന്യവൽക്കരിക്കപ്പെട്ട ചരിത്രമാണ് കേരളത്തിന് ഇന്നുള്ളത്. അതനുസരിച്ച് 9-ാം നൂറ്റാണ്ടുവരെയുള്ള പ്രാകൃതസമൂഹവും, അതിനുശേഷമുള്ള കാലത്ത് ബ്രാഹ്മണാധിപത്യമുള്ള ഒരു സമൂഹവും, പിന്നീട് നായർ തറവാട്ടുകളെ കേന്ദ്രീകരിച്ചുള്ള ഒരു ജന്മിത്തസമൂഹവും ഉടലെടുത്തു, അതിനു വിള്ളൽ സൃഷ്ടിച്ചുകൊണ്ട് കൊളോണിയൽക്കാലവും അതിനോടു കലഹിച്ച് ജനാധിപത്യ സമൂഹവും രൂപംകൊണ്ടു. ഈ രീതിയിലുള്ള സാമാന്യവൽകൃതചരിത്രം മലനാടുകളും ഇടനാടുകളും നീണ്ട തീരപ്രദേശവുമുള്ള ഒരു പ്രദേശത്തിന്റെ ചരിത്രമായി അവതരിപ്പിക്കുമ്പോഴുള്ള പ്രശ്നങ്ങളിലേക്ക് കൂടിയാണ് കല്ല്യാണിയമ്മയുടെ ഓർമ്മകൾ നമ്മെ നയിക്കുന്നത്.

തണ്ടോറമീത്തൽ കല്ല്യാണിയമ്മയുടെ ഓർമ്മകൾ അവർ ജീവിച്ചിരുന്ന തണ്ടോറപ്പാറയെന്ന ചെറിയൊരു ഭൂപ്രദേശത്തിന്റെ ഇന്നലെകളെ മാത്രമല്ല സൂചിപ്പിക്കുന്നത്. മറിച്ച് കൊളോണിയൽ കാലത്തെ മലബാറിലെ സാമൂഹ്യാന്തരീക്ഷത്തിലേക്കും ഒരുപക്ഷേ പൂർവ്വകൊളോണിയൽ ചരിത്ര പശ്ചാത്തലത്തിലേ

ക്കും അറിവു പകരുന്നുണ്ട്. അവയാകട്ടെ നിലവിലുള്ള ചില ചരിത്രധാരണകളെ പുനർവായനക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, പുതിയ അറിവുകൾ കൂട്ടിച്ചേർത്ത് കേരളത്തിന്റെ ഇന്നലെകളെക്കുറിച്ചുള്ള ധാരണകളെ പുതുക്കിയവതരിപ്പിക്കേണ്ട സവിശേഷസാഹചര്യത്തെക്കുറിച്ചും ചരിത്രപഠിതാക്കളെ ഉണർത്തിക്കുന്നുണ്ട്.

വയലുകൾ നന്നേ കുറഞ്ഞതും പറമ്പുകൾ അത്ര ഫലഭൂയിഷ്ടമല്ലാതിരിക്കുകയും, മൊത്തം ഭൂമിയുടെ 85 ശതമാനത്തോളം ആൾതാമസമില്ലാതിരിക്കുകയും ചെയ്ത ഒരു ഭൂപ്രദേശത്തിന്റെ ഏതാണ്ട് ഒരു നൂറ്റാണ്ടിന് അപ്പുറമുള്ള കാർഷിക ചുറ്റുപാടുകളുടെ ഇന്നലെകളിലൂടെയാണ് കല്ല്യാണിയമ്മയുടെ ഓർമ്മകൾ സഞ്ചരിക്കുന്നത്. 1970-കൾ വരേയുള്ള പ്രദേശത്തിന്റെ കാർഷികചരിത്രവും അതിനു ശേഷം വരുന്ന കുടിയേറ്റകാലത്തെ മാറ്റങ്ങളും 1990-കൾക്കു ശേഷമുള്ള കൃഷിയുടെ വ്യാപക തകർച്ചയുടെ ചരിത്രത്തിലേക്കും, 1970-80 കൾക്കു ശേഷം മുമ്പ് ആൾപാർപ്പില്ലാതിരുന്ന കുന്നുകൾ ആൾപാർപ്പുള്ള ഇടങ്ങളായി മാറുന്നതിനെ കുറിച്ചും കല്ല്യാണിയമ്മയുടെ ഓർമ്മകൾ ഒരു ചരിത്ര പഠിതാവിനെ നയിക്കുന്നുണ്ട്.

1970-കളിലെ കുടിയേറ്റകാലം വരേയും മലമ്പ്രദേശത്ത് കാടു വെട്ടിക്കരിച്ച് അതിരു നിശ്ചയിച്ച് നടത്തിയ 'അടുമാറി' കൃഷിയെപ്പറ്റിയുള്ള കല്ല്യാണിയമ്മയുടെ ഓർമ്മകൾ മലബാറിന്റെ കാർഷിക ചരിത്രവുമായി ബന്ധപ്പെട്ട പുതിയൊരു അറിവു പകരുകയാണ്. ഇരുമ്പുയുഗ ചരിത്രാരംഭകാലം തൊട്ടുള്ള മലബാറിന്റെ കാർഷിക പ്രക്രിയയിലേക്ക് കൂടി കല്ല്യാണിയമ്മയുടെ ഓർമ്മകൾ വെളിച്ചം പകരുന്നുണ്ട്. 11-ാം നൂറ്റാണ്ടിലെ ലിഖിതങ്ങളിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ സെറ്റിൽമെന്റ് റജിസ്റ്ററിലും കല്ല്യാണിയമ്മയുടെ ഓർമ്മകളിലും അടുമാറി കൃഷിയെപ്പറ്റിയുള്ള സൂചനകൾ മലബാറിലെ മലങ്കൃഷിയുടെ നൂറ്റാണ്ടുകൾ പിന്നിട്ടുള്ള ചരിത്രത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ചുരുക്കത്തിൽ പേരാമ്പ്രദേശത്തിന്റെ ഇന്നലെകളിൽ തന്റെ ജീവിതത്തെ അടയാളപ്പെടുത്തി തന്നെപ്പോലെയുള്ള എത്രയോ സാധാരണ വയോജനങ്ങളുടെ അറിയപ്പെടാത്തെ ജീവിതയാഥാർത്ഥ്യങ്ങളുടെ ഇന്നലെകൾ അടയാളപ്പെടുത്തേണ്ടുന്നതിന്റെ ചരിത്രപരമായ

ആവശ്യത്തെ ഉണർത്തിക്കുകയാണ് തന്റെ ഓർമ്മകൾ പങ്കുവെച്ചതിലൂടെ കല്ല്യാണിയമ്മ ചെയ്തിരിക്കുന്നത്. പഴമക്കാരുടെ ഓർമ്മകളുടെ വീണ്ടെടുപ്പും അവയുടെ വിശകലനവും വ്യാഖ്യാനവും പ്രദേശചരിത്രപഠനത്തിൽ എത്രമാത്രം പ്രധാനമാണെന്ന് കല്ല്യാണിയമ്മയുടെ ഓർമ്മകൾ കാണിച്ചു തരുന്നുണ്ട്. എഴുതപ്പെടാത്ത പ്രദേശചരിത്രം അവിടെ ജീവിക്കുന്ന ജനതയുടെ ഓർമ്മകളിൽ നിലനില്ക്കുന്നതും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതുമായ സാമൂഹ്യാവബോധമാണെന്നുകൂടി കിഴക്കൻ പേരാമ്പ്രയിലെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഓർമ്മകളിലൂടെ കല്ല്യാണിയമ്മ ബോധിപ്പിപ്പിക്കുന്നുണ്ട്. വ്യക്തിഗത ഓർമ്മകൾസാമൂഹ്യ ഓർമ്മകളായി തലമുറകളിലൂടെ വ്യഖ്യാനിക്കപ്പെടുകയാണ്. അതുകൊണ്ടുതന്നെ ഏതൊരു പ്രദേശത്തിന്റേയും ചരിത്രാവബോധത്തെ രൂപപ്പെടുത്തുന്നതിൽ ഓർമ്മകൾക്കുള്ള പങ്ക പ്രധാനമാണ്. അക്കാര്യം കൂടിയാണ് കല്ല്യാണിയമ്മ പകർന്ന തരുന്നത്.

**ഗ്രന്ഥസൂചി**

ഗണേശ്, കെ. എൻ., 1997 *കേരളത്തിന്റെ ഇന്നലെകൾ*, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.

രാഘവവാര്യർ, രാജൻ ഗുരുക്കൾ, 1996 *കേരളചരിത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

രാമചന്ദ്രൻ നായർ, പുതുശ്ശേരി, 2007 കേ*രളചരിത്രത്തിന്റെ അടിസ്ഥാനരേഖകൾ,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാജേഷ്, കെ.പി., 2014 *വടക്കൻ മലബാർ സമൂഹവും ചരിത്രവും*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

Gurukkal, Rajan, 1992 *Kerala Temple and Early Medieval Agrarian System,* Vallathol Vidyapeedom, Sukapuram.

Gurukkal, Rajan, Raghava Warrier, 1999 *Cultural History of Kerala,* Thiruvanandapuram.

---- 2018 *History of Kerala - Pre-Historic to Historic to the Present*, Orient Black Swan, New Delhi.

Thomson, Paul, 2017 *The Voice of the Past,* Forth Edition, OUP, New York.

Perks, Robert, Alistair Thomson 2006 *The Oral History Reader*, Routledge, London.

Burke, Peter, 1990 *The French Historical Revelution The Annales School 1929-89*, Standford University Press, Standfort, California.

9447903878
keypeerajesh@gmail.com